ആരുടെ ചലച്ചിത്രമേള?



January 2018

# ജീവരാഗം

JEEVARAGAM MONTHLY



നവവത്സരാശംസകൾ

## നീലമ്പേരൂർ
## ഏഴാച്ചേരി
എന്നിവരുടെ കവിതകൾ

## വെറുപ്പിന്റെ രാഷ്ട്രീയം


## ശതാബ്ദിയുടെ നിറവിൽ ശബ്ദതാരാവലി

## സംവരണം അട്ടിമറിക്കുകയല്ല...

## പുതിയ വർഷത്തെ വരവേൽക്കുമ്പോൾ

കഥ ⏭

ശിവദാസൻ. എ.കെ.



# നിലക്കടല വിൽക്കുന്ന പെണ്ണ്

നിലക്കടല വിൽക്കുന്ന പെണ്ണിന് രണ്ട് കാമുകൻമാരുണ്ടായിരുന്നു.

ഒരാൾ വേപ്പുമരത്തിന്റെ കീഴേക്കൊമ്പിലിരുന്ന് ഊഞ്ഞാലാടുന്നൊരു കാക്കയാണ്. അവളുടെ അതേ നിറമാണ്. കപ്പലണ്ടികൊതികൊണ്ടൊന്നുമല്ല അവനിങ്ങനെ ചുറ്റികറങ്ങുന്നതെന്ന് അവൾക്കറിയാം. അവൾ അപ്പായുടെ പഴയ സ്കൂട്ടറിൽ വന്നിറങ്ങുമ്പോൾ മുതൽ അതവിടെ കാവലുണ്ടാകും. ചാഞ്ഞും ചരിഞ്ഞും അവളെ നോക്കിയിരിക്കും. അവളുടെ ഓരോ ചലനത്തെയും ഇമവെട്ടാതെ. എന്നാലിന്നേവരെ കണ്ണുതെറ്റിച്ച് അതൊരു കപ്പലണ്ടിമണിപോലും കൊത്തിയെടുത്തിട്ടില്ല. അതുകൊണ്ടാണ് അവൾക്ക് തോന്നിയത് അതിന് തന്നോട് പ്രേമമാണെന്ന്. അതൊരു ആൺകാക്കയായിരിക്കണം. അല്ലെങ്കിൽ പെണ്ണുങ്ങളെ ഇങ്ങനെ ഇമവെട്ടാതെ നോക്കിയിരിക്കുമോ?

അവളെ തൊട്ടപ്പുറത്ത് പച്ചക്കറി വിൽക്കുന്ന രുപ്പമ്മ തേവി എന്നാണ് വിളിച്ചിരുന്നത്. അവളുടെ അപ്പാ പൂവണി എന്നും. അവളേക്കാൾ രണ്ടു വയസ്സിളപ്പമുള്ള രുപ്പമ്മയുടെ മകൾ രച്ചു അക്കാ എന്നും.

വഴിയോരത്താണീ വേപ്പുമരം. അതിനു പിന്നിൽ കാടുപിടിച്ചു കിടക്കുന്നൊരു സർക്കാർ പറമ്പ്. താഴെ കൽപടവുകളുള്ളൊരു കുളം. കരിയിലകൾ വീണു സമൃദ്ധമായ മൂടി മാറ്റി വമ്പൻ മീനുകൾ മിഴികളുയർത്തുമ്പോൾ അടി വരെ തെളിയുന്ന കണ്ണീർ വെള്ളം കാണാം.

രച്ചു ഇടയ്ക്കിടെ പറയും.

“അക്കാ വാ. നമുക്ക് പോയി കടലാസു വഞ്ചിയോടിക്കാം.”

പൂവണിക്ക് ചിരി വരും.

വണ്ടിയോടിക്കാനോ, കപ്പലണ്ടി വിൽക്കാനോ തനിക്ക് നേരം.

പക്ഷേ അതു മാത്രമല്ല. പൂവണിക്ക് രുപ്പമ്മ പറഞ്ഞ് മറ്റൊരു കാര്യമറിയാം. അത് രുപ്പമ്മയുടെ അനി



യത്തി ചീതമ്മചാടിച്ചത്ത കുളമാണ്. രുപ്പമ്മയേപ്പോലല്ല ചീതമ്മ. കറുത്തി

ട്ടായിരുന്നത്രേ. വല്ലാണ്ട്. നന്നായി പാടുകയും നൃത്തം ചെയ്യുകയും

ചെയ്യുമായിരുന്നത്രേ ചീതമ്മ. ആ എണ്ണക്കറുപ്പിനെ ആരോ കവർന്നെടുത്തത് ആ കുളക്കടവിൽ വെച്ചാണ്. മാനം കെട്ടുപോയ ചീതമ്മ ഒരു രാത്രി ജീവിതത്തിൽ നിന്നിറങ്ങിപ്പോയി കുളത്തിന്റെ ഭാഗമായി. രുപ്പമ്മ പറയാറുണ്ട്. ഇടക്കൊക്കെ അവിടെ നിന്ന് ചീതമ്മയുടെ പാട്ട് കേൾക്കാറുണ്ടത്രെ.

ഇരുട്ടു വീഴുമ്പോൾ പൂവണി ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന മതിലിനുമുകളിലൂടെ കുളക്കരയിലേക്കെത്തിനോക്കും. പിന്നെ കാതോർക്കും ചീതമ്മയുടെ പാട്ട് കേൾക്കുന്നുണ്ടോ?

രുപ്പമ്മ പറയും.

"ഉന്നെ മുറിച്ചുവച്ചപോലിരുക്ക്. ഇതേ ഉടമ്പ്, ഇതേ നിറം."

വഞ്ചിയോടിക്കാനുള്ള ആശയുമായി വരുന്ന രച്ചുവിനോട് പൂവണി പറയും.

"അങ്കെ പേയിരുക്ക്."

"പേയോ, ആരുടെ പേയ്?" രച്ചു ചോദിക്കും.

പൂവണി മിണ്ടില്ല.

രുപ്പമ്മ എന്താണോ ചീതമ്മയുടെ കഥ സ്വന്തം മകളോട് പറയാത്തത്. രച്ചു സുന്ദരിയാണ്, വെളുത്തിട്ട്. അവൾക്ക് പതിനൊന്ന് വയസ്സിനേക്കാൾ വളർച്ചയുണ്ട്. അവൾ കിന്നാരം പറയാനെത്തുമ്പോൾ വഴിയേ പോകുന്നവരുടെ കണ്ണുകൾ അവളെ തേടിയെത്തുന്നത് പൂവണി കണ്ടിട്ടുണ്ട്. ചിലപ്പോ പൂവണിക്കസൂയ തോന്നും ചിലപ്പോ ആശ്വാസവും.

അവളുടെ രണ്ടാമത്തെ കാമുകൻ രച്ചുവിന്റെ വളർത്തുപട്ടി കോവിലനാണ്. രച്ചുവിനേക്കാൾ അവനിഷ്ടം പൂവണിയെയാണ്. ചിലപ്പോഴെല്ലാം ചൂടുള്ള ഒന്നോ രണ്ടോ മണികൾ അവൾ വായുവിലേക്കെറിയും. അപ്പോഴെല്ലാം ഒരു സർക്കസുകാരന്റെ വൈഭവത്തോടെ കരണം മറിഞ്ഞ് അവനത് നിലത്ത് വീഴാതെ പിടിച്ചെടുക്കും. മതി, അത്രയേ വേണ്ടൂ. അല്ലെങ്കിലും കപ്പലണ്ടിക്കുവേണ്ടി ഏതെങ്കിലും പട്ടികൾ സമയം പാഴാക്കുമോ. ഇല്ല. അപ്പോൾ മറ്റെന്തെങ്കിലുമാണ് കാര്യം. പൂവണി അവളുടെ അപ്പായുടെ വണ്ടിയിൽ വന്നിറങ്ങുമ്പോൾ ഉച്ച കഴിഞ്ഞിരിക്കും. വേപ്പുമരച്ചുവട്ടിൽ ചണച്ചാക്കിട്ട് മൂടിവെച്ച ഇരുമ്പുസ്റ്റാന്റിൽ അവൾ മണ്ണെണ്ണ സ്റ്റൗ ഉറപ്പിക്കുന്നതും, തൊട്ടപ്പുറത്ത് റോഡരുകിൽ ഉപ്പിൽകുതിർത്ത പച്ചക്കപ്പലണ്ടി ഉണക്കാനിടുന്നതുമൊക്കെ അവൻ സശ്രദ്ധം നോക്കിയിരിക്കും. ചിലപ്പോഴെല്ലാം അവളുടെ കാലിൽ ഉമ്മ വെച്ച് വാലാട്ടും. അവൾ കയർത്താൽ കുറച്ച് ദൂരെ മാറി നിലത്ത് കമിഴ്ന്ന് കിടന്ന് മുൻകാലുകൾ നീട്ടി ചിണുങ്ങും. ഇത്രയൊക്കെ കാണിക്കാൻ അവളെന്തു കൊടുത്തിട്ടാണ്. വല്ലപ്പോഴും രണ്ട് മണി കപ്പലണ്ടിയോ. അവന് പ്രേമമായിരിക്കണം. അല്ലാതെ മറ്റൊന്നുമില്ല.

റോഡിൽ വൈകുന്നേരത്തെ തിരക്കിന് മാല പോലെ നീളുന്ന വാഹനപ്പെരുപ്പത്തെ അവളമ്പരപ്പോടെ നോക്കും. പെരുപ്പം കൂടുംതോറും റോഡ് വീതിയാക്കുന്ന പണി ഉടനെ തുടങ്ങുമെന്ന പേടിയാണവൾക്ക്. കനത്ത തിരക്കിൽ ഒച്ചുപോലിഴയുന്ന വാഹനങ്ങളിലിരുന്ന് ആളുകൾ അസഹ്യതയോടെ പൂവണിയെയും കപ്പലണ്ടിസ്റ്റാന്റിനെയും നോക്കും. അവരും കൂടെ തിരക്കിന് ഒരു കാരണമെന്നപോലെ.

പൂവണിക്ക് കാറുകൾക്കുള്ളിലെന്താണന്നറിയില്ല. കാരണം അവളൊരിക്കലും ഒരു കാറിൽ കയറിയിട്ടില്ല. അവളുടെ അപ്പായുടെ സ്കൂട്ടറിൽ മാത്രമേ അവൾ കയറിയിട്ടുള്ളൂ. അതാകട്ടെ പല ഭാഗങ്ങളും കയറിട്ട് കൂട്ടികെട്ടിയതാണ്. ശരിക്കും പറഞ്ഞാൽ അവളെപ്പോലെ തന്നെ. പൊട്ടിയ വള്ളികളുള്ള ചെരുപ്പ്, തുന്നൽ വിട്ട ഉടുപ്പ്, ജട പിടിച്ച മുടി അങ്ങനെയങ്ങനെ.

ഇന്നല്ലെങ്കിൽ നാളെ തന്റെ ഇത്തിരിയിടത്തെയും, വേപ്പുമരത്തെയും പറിച്ചുമാറ്റി റോഡ് കറുത്ത് വളരുമെന്ന് അവൾക്കറിയാം. അതിന്റെ ലക്ഷണം ഒരു വെളുത്ത വരയാണ്. അത് രുപ്പമ്മയുടെ വീടിനെ രണ്ടായി പകുത്ത് വരച്ചിട്ടുണ്ട്. അങ്ങനെ പലയിടത്തും അടയാളപ്പെടുത്തി പോയിരിക്കുന്നു. രുപ്പമ്മയുടെ വീടിരിക്കുന്നയിടം ഭൂരിഭാഗവും വരക്കിപ്പുറമാണ്. ആരാണോ ഈ വരയിടുന്നത്. അവൾക്കറിയില്ല. അപ്പുറം ഒരു പുറം ചുമർമാത്രമേയുള്ളൂ. പലപ്പോഴും അവർ പുറത്തേക്ക് നോക്കി ഒറ്റക്കിരിക്കുന്ന ചുമർ.

വരയിട്ടശേഷം അവൾ പലപ്പോഴായി പിറുപിറുക്കുന്നു.

"ഇനി നാൻ എങ്കെപ്പോയി കിടപ്പിറേൻ?"

പൂവണിക്ക് എല്ലാ കള്ളുകുടിയൻമാരെയും ഭയമാണ്. പക്ഷേ കുടിയൻമാരാണ് പൂവണിയെ നിലനിർത്തുന്നത്. ഏറ്റവും പേടി കരടിയെയാണ്. അയാളുടെ പേര് കരടിയെന്നൊന്നുമല്ല. എന്താണാവോ. പക്ഷേ രച്ചുവും പൂവണിയും അയാളെ കരടിയെന്നാണ് വിളിക്കുന്നത്. പരസ്യമായല്ല. രഹസ്യമായി.

അയാൾക്ക് ശരിക്കും ഒരു കരടിയുടെ ഛായയുണ്ട്. ചുവന്ന കണ്ണുകളും.

രുപ്പമ്മയുടെ വീടും കഴിഞ്ഞ് രണ്ടുനിര കടകൾ കഴിഞ്ഞാൽ ബീവറേജ് കോർപ്പറേഷന്റെ മദ്യവിൽപ്പനയുണ്ട്. കുടിയൻമാർക്ക് സ്വസ്ഥമായിരുന്നൊന്ന് കൂടാൻ പറ്റിയ ഇടമാണ് വേപ്പിന് പിന്നിലെ കാട്ടുപറമ്പ്. ചിലപ്പോൾ പോലീസ് വരും. അവൾക്ക് പേടിയാണ് കാക്കിവേഷത്തെ. ഒരിക്കൽ റെയിൽവേസ്റ്റേഷന്റെ ഇറമ്പിൽ ഒരു കൂട്ടം കാക്കിവേഷക്കാർ ആട്ടിയോടിച്ചപ്പോൾ നഷ്ടപ്പെട്ടതാണ് അവൾക്ക് അമ്മയെ. ഇരുട്ടിലൊളിച്ചിരുന്ന കാണാക്കയത്തിലേക്ക് ആഴ്ന്നുപോയൊരു നിലവിളിയായി അത് ഇപ്പോഴും ഒറ്റക്കാകുമ്പോൾ അവളെ നടുക്കാറുണ്ട്. കവിളിലൊരു മുത്തമായി അമ്മയുടെ ഓർമ്മയുണ്ട്. ചിലപ്പോളതൊരു തരാട്ടുപാട്ടാണ്. അമ്മ എവിടെയോ ചൊല്ലി പഠിച്ചത്.

"മക്കൾ മെയ് തീണ്ടൽ ഉടർക്കു ഇൻപം മറ്റു അവർ

ചൊൽ കേട്ടൽ ഇൻപം ചെവിക്കു."

വേപ്പുമരത്തിനു പിന്നിലെ വെളിമ്പറമ്പുള്ളതുകൊണ്ടാണ് ആളുകൾ കപ്പലണ്ടി വാങ്ങി അവിടെ കൂടുന്നത്. അതുകൊണ്ടാണ് പൂവണിക്ക് വീടുകളിൽ പോയി വേലയെടുക്കാതെ നിൽക്കാൻ പറ്റുന്നത്.

വീടുകളിൽ പോയി വേലയെടുക്കുന്നത് പൂവണിക്കിഷ്ടമല്ല. അവരെല്ലാം വലിയവരാണ്. കൂടുതൽ പണമുള്ളവർ. നിറമുള്ളവർ. പൂവണി അവിടെ ഒന്നുമല്ല. ആരുമല്ല. തന്റെ നിഴൽ കാണുമ്പോൾ മാത്രമേ താനുണ്ട് എന്നവൾക്ക് തോന്നിയിട്ടുള്ളൂ. അവൾക്ക് എത്രയാണ് കൂലി എന്ന് നിശ്ചയമില്ല. വിശക്കുമ്പോൾ ഭക്ഷണം, ബാക്കിയായ ഒരുടുപ്പ്. ഇത്രയേ അവൾക്ക് കിട്ടിയിട്ടുള്ളൂ. രണ്ട് വീടുകളിൽ അവൾ വേലക്ക് പോയിട്ടുണ്ട്. ആദ്യത്തെ വീട്ടിൽ ഒരു ടീച്ചറമ്മയായിരുന്നു. ദേഷ്യം വന്നാൽ അവർ തലയ്ക്ക് കിഴുക്കും, ചെവി പിടിച്ച് പിരിക്കും. ഇതൊന്നും അവരുടെ കുട്ടികളെ ചെയ്യുന്നത് കണ്ടിട്ടില്ല. പൂവണിക്ക് വേദനയില്ലാത്തതുപോലെ. പൂവണി ഒരു യന്ത്രമെന്ന പോലെ.

രണ്ടാമത്തെ വീട്ടിൽ തലതിരിഞ്ഞ ഒരു ചെറുക്കനായിരുന്നു. തരം കിട്ടിയാൽ അവൻ മുടിയിൽ പിടിച്ചുവലിക്കും. മേലാകെ വെള്ളം തെറിപ്പിക്കും. ഒളിച്ചുനിന്ന് തള്ളിതാഴെയിടും. ഇതെല്ലാം അവനാ വീട്ടിൽ വളർത്തുന്ന നായ്ക്കുട്ടിയോടും കാണിക്കും. അവന് നായയും പൂവണിയും ഒരു പോലെയാണ്.

അവിടെയൊന്നും പൂവണിക്ക് പേരില്ല. അവൾ സർവ്വന്റാണ്. വെറും സർവ്വന്റ്.

പൂവണി കരഞ്ഞു പറഞ്ഞു.

"വയ്യപ്പാ നാൻ വേറെയേതാവതു വേലക്ക് പോറേൻ."

അപ്പാക്കതിഷ്ടമല്ല. അപ്പാക്ക് കാശ് വേണം. അതിന് പൂവണി വേലയെടുക്കാതെ പറ്റുമോ. ഒടുവിലാണ് ഈ കച്ചവടം തുടങ്ങിയത്. ഇവിടെ കുഴപ്പമില്ല. അവൾക്ക് കൂട്ടായി രച്ചുവുണ്ട്, രുപ്പമ്മയുണ്ട്. അവളെ പ്രേമിക്കാൻ കാക്കയും കോവിലനുമുണ്ട്. ഇവിടെ ആരും അവളെ ഉപദ്രവിക്കാനില്ല. മേനിക്കൊഴുപ്പില്ലാത്തതുകൊണ്ട് തുറിച്ചു നോട്ടക്കാരുമില്ല. രച്ചുവാണ് സൂക്ഷിക്കേണ്ടത്. എല്ലാ കണ്ണുകളും അവളുടെ മേലാണ്. പ്രത്യേകിച്ചും കരടിയുടെ. അയാൾക്ക് കുടിക്കാതുറക്കമില്ല. അയാളുടെ കൂട്ടുകാർക്കും. പക്ഷേ കരടിയോട് പോലും അവൾക്ക് ദേഷ്യമില്ല. കരടിയെപ്പോലുള്ളവർ കപ്പലണ്ടി വാങ്ങിയില്ലെങ്കിൽ പിന്നെ അവളുടെ ഗതിയെന്താകും. കുടിയൻമാർ അലഞ്ഞു നടക്കുന്ന പറമ്പിലേക്ക് പോകരുതെന്ന് അവൾ രച്ചുവിനെ വിലക്കിയിട്ടുണ്ട്. രച്ചുവിന് കുളക്കരയിൽ ചെന്നിരിക്കാനിഷ്ടമാണ്. തെളിനീരു വെള്ളത്തിൽ വഞ്ചിയോടിക്കാനും, വെള്ളാമ്പൽ പൊട്ടിച്ചെടുക്കാനുമെല്ലാം. കുടിയൻമാരെ മാത്രം പേടിച്ചല്ല പൂവണി രച്ചുവിനെ വിലക്കിയത്. മറ്റൊരാളെ കൂടി പേടിച്ചാണ്. ചീതമ്മയെ.

ഇരുട്ടാകുമ്പോൾ പൂവണി കച്ചവടം നിർത്തും. ഇരുമ്പുചട്ടിയും, മണലും, ചട്ടുകവും ബാക്കി കപ്പലണ്ടിയും ചാക്കിലാക്കി അപ്പാ വരുന്നതുവരെ രുപ്പമ്മയുടെ ഇറയത്തിരിക്കും. കാലിനുതാഴെ കോവിലൻ ചുരുണ്ടു കൂടി കിടക്കും. രച്ചു ഇറയത്തിരുന്ന് പഠിക്കുന്നുണ്ടായിരിക്കും. രച്ചുവാണ് പൂവണിയെ അക്ഷരം പഠിപ്പിച്ചത്. മലയാളം. രച്ചു മലയാളമാണ് പഠിക്കുന്നത്. ഇപ്പോൾ മലയാളം പൂവണിക്ക് നന്നായി വഴങ്ങുന്നുണ്ട്. അക്ഷരങ്ങൾ ആദ്യമൊക്കെ വെറും വിചിത്രരൂപങ്ങളായിരുന്നു. പിന്നെ അവയ്ക്ക് ഭംഗിയേറി വന്നു. അങ്ങനെ ഭംഗിയിൽ കൂട്ടിയിണക്കി വക്കുപൊട്ടിയ സ്ലേറ്റിൽ അവൾ കഷ്ടപ്പെട്ടെഴുതി.

ചീതമ്മ.

അന്ന് കരിംചുമടുകളുമായി കാറ്റ് കുന്നിറങ്ങി വരുന്നത് പൂവണി കണ്ടു. പിന്നെ തേങ്ങിക്കരയുന്ന മഴയായിരുന്നു. എപ്പോഴൊ മഴ തീർന്നപ്പോൾ അവൾ പതിവു ജോലിയിലേക്കിറങ്ങി. രണ്ട് ദിവസത്തെ അവധി കഴിഞ്ഞ് മദ്യഷോപ്പ് ഇന്നാണ് തുറന്നത്. അവിടത്തെ നീണ്ട ക്യൂ ഇവിടുന്നേ കാണാം. പോലീസുകാർ വന്ന് പോയപ്പോൾ കാട്ടുപറമ്പിലേക്കുള്ള ചാട്ടം പതിവുപോലായി. പൂവണിക്കു ചുറ്റും ആളൊഴിഞ്ഞില്ല. കരടി നേരത്തെ വന്ന് പോയിരുന്നു. പതിവുപോലെ പൂവണിയെയും, അടുത്ത് നിന്നിരുന്ന രച്ചുവിനെയും അയാൾ ഇരുത്തി നോക്കി. വഴിയിൽ തിരക്ക് കൂടി. രാത്രിക്കു മുമ്പേ വീട്ടിലെത്താനായി വാഹനങ്ങളുടെ നീണ്ട നിര അക്ഷമരായി കിടന്നു. ഇടക്കെപ്പോഴൊ കുളക്കരയിലേക്ക് നോക്കി കോവിലൻ കുരയ്ക്കാൻ തുടങ്ങി. ആദ്യമൊന്ന് അവഗണിച്ചെങ്കിലും പൂവണിക്ക് അവിടെ എന്തോ ഉള്ളതുപോലെ തോന്നി. രച്ചുവിനെ എവിടെയും കാണാനുണ്ടായിരുന്നില്ല. രച്ചു എവിടെ. അവൾക്ക് ഭയം തോന്നി. അവൾ ചുറ്റും നോക്കി. ആളുകൾ ഒഴിഞ്ഞുതുടങ്ങുന്നു. പൂവണി നടന്നപ്പോൾ മുന്നിലായി കോവിലൻ ഓടാൻ തുടങ്ങി. പൂവണി ഇതുവരെ അവിടേക്കിറങ്ങിയിട്ടില്ല. മുന്നിലതാ ചീതമ്മ ചാടിച്ചത്ത കുളം. കോവിലൻ വീണ്ടും മുന്നോട്ടോടി. തൊട്ടപ്പുറത്ത് ഇളകുന്ന പൊന്ത. ആരുടെയോ അരിച്ചെത്തുന്ന നിലവിളി. അവൾക്ക് തിരിഞ്ഞോടണമെന്ന് തോന്നി. അവൾ ചുറ്റും നോക്കി. ആരുമില്ല. എന്തായിരിക്കുമത്.

ഒടുവിൽ അവൾ രണ്ടും കൽപ്പിച്ച് പൊന്തക്കരുകിലേക്കോടി.

അവിടെ കണ്ട കാഴ്ച അവളെ സർവ്വാംഗം നടുക്കി കളഞ്ഞു.

കുതറിത്തെറിക്കുന്ന രച്ചുവിനെ വായ പൊത്തി താഴേക്കമർത്തിപ്പിടിക്കുകയാണ് കരടി.

അവൾക്ക് ഉറക്കെ നിലവിളിക്കണമെന്ന് തോന്നി. ഒച്ച പുറത്തേക്ക് വരുന്നില്ല. കുറെ ദൂരെ മാറി റോഡുണ്ട്, രുപ്പമ്മയുണ്ട്, ആളുകളുണ്ട്. പക്ഷേ ഓടാൻ വയ്യ.

രച്ചുവിനെ അയാൾ കൊല്ലുമോ. ഭയാനകമായ ഒരാവേശം അവളെ ബാധിച്ചു. കയ്യിൽതടഞ്ഞത് വലിയൊരു വിറകുകമ്പയാണ്. താനയാളെ അടിച്ചു എന്ന് പൂവണിക്കുറപ്പില്ല. പക്ഷേ അയാൾ പിന്നോട്ട് മറിഞ്ഞിരിക്കുന്നു. രച്ചു ഉറക്കെ നിലവിളിച്ചുകൊണ്ട് തിരിഞ്ഞോടുന്നു.

കരടിക്കെന്തു പറ്റിയാവോ. അനക്കമില്ല.

പൂവണിയുടെ കണ്ണുകൾ കുഴഞ്ഞു.

അവൾ വീണ്ടും അയാളെ നോക്കി.

അനക്കമില്ല. അവൾക്ക് ഭയമായി. അയാൾ മരിച്ചിരിക്കുമോ. തന്നെ പോലീസ് പിടിക്കുമോ. അവൾക്കമ്മയെ ഓർമ്മ വന്നു.

കരയിലേക്ക് തളർന്നിരിക്കവെ പെട്ടെന്ന് കുളത്തിന് ജീവൻ വെച്ചപോലെ. വെള്ളാമ്പലുകൾ തലയാട്ടാൻ തുടങ്ങി. നുരനുരയായി കുമിളകളുയർന്നു.

അവൾ കണ്ടു. അതേ എണ്ണക്കറുപ്പിൽ ഇടതൂർന്ന മുടിയിൽ നിന്നിറ്റു വീഴുന്ന വെള്ളത്തുള്ളികളുമായി ഉയർന്നു വന്നിരിക്കുന്ന രൂപം. ചീതമ്മ.

ചീതമ്മ വിളിച്ചു. "വാ, പാപ്പാ"

പൂവണിയുടെ വായിൽ വെള്ളം വറ്റി. വെള്ളാമ്പലുകളിൽ ചവിട്ടി ചീതമ്മ നൃത്തം ചവിട്ടുന്നു.

വീണ്ടുമവൾ വശ്യമായി ചിരിക്കുന്നു.

"വാ, പാപ്പാ, വാ"

ചീതമ്മ പാടുന്നു. അവളുടെ അമ്മ പാടാറുള്ള പാട്ട്.

"*മക്കൾ മെയ് തീണ്ടൽ ഉടർക്കു
ഇൻപം മറ്റു അവർ
ചൊൽ കേട്ടൻ ഇൻപം ചെവിക്കു.
**കുഴൽ ഇനിതു യാഴ് ഇനിതു
എൺപതം മക്കൾ
മഴലൈച്ചൊൽ കേളാതവർ."

നുരയും പതയുമായി താളം പിടിക്കുകയാണ് ജീവൻവെച്ച കുളമൊന്നാകെ.

പൂവണിയുടെ കണ്ണുകളിൽ ഇരുട്ടു കയറി.

ആരൊക്കെയോ പിറകിൽ നിന്നും ഇറങ്ങി വരുന്നു.

പൂവണിക്കു മുന്നിലൂടെ അസ്തമയത്തിൽ നീണ്ടുപോയ നിഴലുകൾ വെള്ളത്തിലിറങ്ങി മുങ്ങാംകുഴിയിട്ടു.

പിന്നിൽ രുപ്പമ്മയുടെ ചിലമ്പിച്ച സ്വരം.

തേവീ...

പൂവണി കണ്ടു.

ഓളങ്ങൾ ശാന്തമാകുന്നു. വശ്യമായ പുഞ്ചിരിയോടെ ചീതമ്മ അരങ്ങൊഴിയുന്നു. ഇരുൾ മാത്രം ബാക്കിയാകുന്നു. ●

---

* മക്കളുടെ മൃദുല ശരീരം തലോടുമ്പോൾ തലോടുന്നവരുടെ ദേഹം ആനന്ദപുളകിതമാകും. കുഞ്ഞുങ്ങളുടെ കൊഞ്ചൽ കേൾക്കുന്നത് കാതുകൾക്ക് ഇമ്പമേകും.

**കുഴൽനാദവും വീണാനാദവും മധുരമേറിയതാണ് എന്നു നിർണ്ണയിക്കുന്നത് കുഞ്ഞുങ്ങളുടെ തേൻമൊഴികൾ കേൾക്കാത്തവരത്രെ.